"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിലെ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനായി KURDFC യിൽ നിന്ന് വായ്പ എടുക്കുന്നതിന് കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2197/2025/LSGD തീയതി,തിരുവനന്തപുരം, 11-09-2025

---

പരാമർശം:-

1. സ.ഉ.(കൈ)നം.147/2009/ത.സ്വ.ഭ.വ തീയതി 29/07/2009
2. കെ.യു.ആർ.ഡി.എഫ്.സി മാനേജിംഗ് ഡയറക്ടറുടെ 23/04/2025 ലെ KURDFC/136/2025-P1 നമ്പർ കത്ത്
3. കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 21/05/2025 തീയതി നടന്ന സാധാരണ മീറ്റിംഗിലെ 4(8) നമ്പർ തീരുമാനം
4. തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ 31/07/2025 ലെ LSGD/PD/18539/2025 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിലെ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനായി അടങ്കൽ തുക **5,55,05,410/-** (അഞ്ച് കോടി അമ്പത്തിയഞ്ച് ലക്ഷത്തി അയ്യായിരത്തി നാനൂറ്റി പത്ത് രൂപ മാത്രം) കണക്കാക്കിയിട്ടുള്ള പ്രോജക്ടിനായി 2025-26 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന്റെ പ്ലാൻ ഫണ്ടിൽ നിന്നും 10,00,000/- (പത്ത് ലക്ഷം രൂപ മാത്രം) രൂപയും കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്നും 1,00,000,00/- (ഒരു കോടി രൂപ മാത്രം) രൂപയും സർക്കാർ അനുമതിയോടെ വായ്പ എടുക്കുന്നതിന് പരാമർശം (3) പ്രകാരം പഞ്ചായത്ത് സമിതി കൈക്കൊണ്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടി ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനായി കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്നും വായ്പയായി 1,00,00,000/- (ഒരു കോടി രൂപ മാത്രം) രൂപ എടുക്കുന്നതിനുള്ള അപേക്ഷ പരാമർശം (1) ൽ നിഷ്കർഷിച്ചിട്ടുള്ള അനുബന്ധ രേഖകൾ സഹിതം തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (4) പ്രകാരം സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ൽ നിഷ്കർഷിച്ചിട്ടുള്ള രേഖകൾ ഹാജരാക്കിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിലും, വായ്പയും പലിശയും തിരിച്ചടയ്ക്കുന്നതിൽ വീഴ്ച വരുത്തുകയാണെങ്കിൽ കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിനുള്ള ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും സർക്കാർ തലത്തിൽ കുറവ് ചെയ്ത് ബന്ധപ്പെട്ട ബാങ്കിന് നൽകാവുന്നതാണെന്നുള്ള പരാമർശം (3) കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും, വായ്പ അനുവദിക്കാമെന്നുള്ള കെ.യു.ആർ.ഡി.എഫ്.സി മാനേജിംഗ് ഡയറക്ടറുടെ പരാമർശം (2) സമ്മതപത്രത്തിന്റെ

അടിസ്ഥാനത്തിലും, പ്രായോഗികമായ പദ്ധതിയായി പരിഗണന നൽകിയതിനാലും , പരാമർശം (1) പ്രകാരമുള്ള സർക്കാർ വ്യവസ്ഥകൾക്കും വിധേയമായി പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനായി കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്ന് **1,00,00,000/- (ഒരു കോടി രൂപ മാത്രം) രൂപ 9% പലിശ നിരക്കിൽ 13 വർഷത്തെ തിരിച്ചടവ് കാലയളവിൽ** വായ്പ എടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
2. സെക്രട്ടറി, കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത്, പാലക്കാട്
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
4. ചീഫ് മിഷൻ ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ.
5. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ & പി ആർ ഡി
6. കരുതൽ ഫയൽ (ഡി.ബി1/271/2025/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
Date: 12-09-2025 13:17:00

സെക്ഷൻ ഓഫീസർ